**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4447** | **06-03-2023 - ൽ മറുപടിയ്ക്ക്**

**ഇന്റർനെറ്റ് സേവനത്തിനുള്ള പോൾ വാടക**

| ചോദ്യം | ഉത്തരം |
|---|---|
| **ഡോ. മാത്യു കുഴൽനാടൻ** | **ശ്രീ . കെ . കൃഷ്ണൻകുട്ടി**<br>**(വൈദ്യുതി വകുപ്പ് മന്ത്രി)** |

(എ) ഇന്റർനെറ്റ് സേവനം നൽകുന്നതിന് പ്രത്യേകമായി കേബിൾ വലിക്കേണ്ട യാതൊരു ആവശ്യവും ഇല്ലെന്നിരിക്കെ ചെറുകിട കേബിൾ ടി.വി. ഓപ്പറേറ്റർമാരിൽ നിന്നും പ്രസ്തുത സേവനം നൽകുന്നതിന് അധിക പോൾ വാടക കെ.എസ്.ഇ.ബി. ഈടാക്കുന്നത് എന്ത് അടിസ്ഥാനത്തിലാണെന്ന് അറിയിക്കാമോ;

(എ) കെ.എസ്.ഇ.ബി.-യുടെ പോസ്റ്റുകളിലൂടെ കേബിൾ ടി.വി ആവശ്യത്തിനായി കേബിൾ വലിക്കുന്നതിനുള്ള പോൾ നിരക്കുകൾ 25.02.2012 ലെ ബോർഡ് ഉത്തരവ് പ്രകാരം പോസ്റ്റൊന്നിനു ഒരു വർഷത്തേക്ക് കോർപറേഷൻ/ മുനിസിപ്പാലിറ്റി ഏരിയയിൽ 311/-രൂപയും പഞ്ചായത്തുകളിൽ 156/-രൂപയുമായിരുന്നു. ഇതിനെതിരെ ഏഷ്യാനെറ്റ്, ജില്ലാ ലീഗൽ സർവീസ് അതോറിറ്റിയെ സമീപിക്കുകയും (Lok Adalath PLP No.6639/13) തുടർന്ന് നടന്ന ഒത്തു തീർപ്പ ചർച്ചകളിന്മേൽ, കേബിൾ ടി വി ഓപ്പറേറ്റർമാരുടെ വാടക പോസ്റ്റൊന്നിനു ഒരു വർഷത്തേക്ക് കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി ഏരിയയിൽ 250/- രൂപയും പഞ്ചായത്തുകളിൽ 125/- രൂപയും (വാർഷിക വർദ്ധനവ് 5%) ആയി നിജപ്പെടുത്തുകയും ചെയ്തു.

പിന്നീട് റിലയൻസ് ജിയോ കെ.എസ്.ഇ.ബി.-യുടെ പോസ്റ്റുകളിൽ കൂടി ഇന്റർനെറ്റ് സർവീസുകൾക്കായി ഒപ്റ്റിക്കൽ ഫൈബർ കേബിൾ വലിക്കുന്നതിനുള്ള അനുവാദം ചോദിക്കുകയും റിലയൻസ് കമ്പനിയുമായി കൂടിയാലോചന നടത്തി ഒരു തുകയിൽ എത്തി ച്ചേരാൻ ഗവൺമെന്റ് നിർദേശിക്കുകയും ഉണ്ടായി. തുടർന്ന് കെ.എസ്.ഇ.ബി.എൽ. ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ നേതൃത്വത്തിൽ ചർച്ചകൾ നടത്തുകയും 25.02.2012ലെ കെ.എസ്.ഇ.ബി. ഉത്തരവ് പ്രകാരം തീരുമാനിച്ച തുകയായ കോർപറേഷൻ/ മുനിസിപ്പാലിറ്റി ഏരിയയിൽ 311/-രൂപയും പഞ്ചായത്തുകളിൽ 156/- രൂപയും കണക്കാക്കുകയും, 30.01.2015ൽ ഇതു അംഗീകരിച്ചു കൊണ്ട് 5 വർഷത്തേക്ക് അഡ്വാൻസ് തുക നൽകി കൊണ്ട് പൂർണമായും താത്കാലിക അടിസ്ഥാനത്തിൽ ഒപ്റ്റിക്കൽ ഫൈബർ കേബിൾ വലിക്കുവാൻ ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ഇതോടൊപ്പം മറ്റു സംസ്ഥാനങ്ങളിൽ, കൂടിയ തുക നിലവിൽ വരുന്ന പക്ഷം പ്രസ്തുത തുക ഈടാക്കാനുള്ള അനുമതിയും ഈ ഉത്തരവിൽ നൽകിയിട്ടുണ്ട്. തുടർന്ന്, 18.07.2018 ലെ ബോർഡ് ഉത്തരവ് പ്രകാരം പത്തു വർഷത്തേക്കുള്ള തുക താഴെ പറയുന്ന രീതിയിൽ ഈടാക്കിയിട്ടുണ്ട്.

| Years | Purpose | |
|---|---|---|
| 10 years from | Cable TV Operators/ Govt. departments/ LSGDs/ CCTV cameras by Residents | All other applicants irrespective of the purpose like 2G/3G/4G services/ mobile |

| | | | | |
|---|---|---|---|---|
| 2011-12 | Association (with 5% annual Increase )* | | communications etc (with 5 % annual Increase) | |
| | Urban | Rural | Urban | Rural |
| | 250 | 125 | 311 | 156 |

24.01.2020-ൽ കേബിൾ ടി വി ഓപ്പറേറ്റർമാരുടെ അപേക്ഷയെ തുടർന്ന് പുതുക്കിയ നിരക്ക് എത്തിച്ചേരാൻ, ഗവൺമെന്റ് ഒരു മൂന്നംഗ കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായി. ഇതിനെ തുടർന്ന് വൈദ്യുതി പോളുകൾ ഉപയോഗിക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ച വിവധ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരമാണ് വാടക ഈടാക്കുന്നത്.

| Years | Purpose | | | |
|---|---|---|---|---|
| From 01.04.2021 | Cable TV Operators/ Govt. departments/ LSGDs/CCTV cameras by Residents Association (with 3% annual Increase)* | | All other applicants irrespective of the purpose like 2G/3G/4G services/mobile communications etc (with 5% annual Increase ) | |
| | Urban | Rural | Urban | Rural |
| 22-23 | 309 | 149.35 | 531.92 | 265.96 |

*ഈ നിരക്ക് പ്രാബല്യത്തിൽ വന്നത് 01.04.2021 മുതലാണ്. കേബിൾ ടി വി ഓപ്പറേറ്റർമാർക്കും, ഇന്റർനെറ്റ് സേവന ദാതാക്കൾക്കും വ്യത്യസ്ത നിരക്കുകൾ തീരുമാനിച്ചിരിക്കുന്നത് താഴെ പറയുന്ന കാരണങ്ങളുടെ അടിസ്ഥാനത്തിലാണ്.

**1)** വിതരണത്തിനായി സംസ്ഥാനത്തുടനീളം വൈദ്യുത സംവിധാനവും ശൃംഖലയും സൃഷ്ടിക്കുന്നതിനും,പരിപാലിക്കുന്നതിനുമായി കോടിക്കണക്കിന് രൂപ മുടക്കി കെഎസ്ഇബി വികസിപ്പിച്ചെടുത്തതാണ് കേരള സംസ്ഥാനത്തിന്റെ വൈദ്യുതി സംവിധാനം. സമതല പ്രദേശങ്ങളിൽ നിന്ന് മലയോര മേഖലകളിലേക്കും, തീരപ്രദേശങ്ങളിൽ നിന്ന് മറ്റ് പ്രദേശങ്ങളിലേക്കും വൈദ്യുതി വിതരണം ചെയ്യുന്നതിനായി പോസ്റ്റുകളും ലൈനുകളും സ്ഥാപിക്കുന്നതിൽ കെ.എസ്.ഇ.ബി.എൽ. വൻ നിക്ഷേപം നടത്തിയിട്ടുണ്ട്.

**2)** 2011ലെ അടിസ്ഥാന നിരക്കായ 311/-രൂപയിൽ എത്തിച്ചേർന്നത് പല കമ്മിറ്റികളുടെയും പഠന റിപ്പോർട്ട്, കേബിൾ ടി വി കണക്ഷൻ എടുക്കാൻ ഉപഭോക്താക്കൾ നൽകുന്ന വാടക, പോസ്റ്റുകളുടെ വില, പോസ്റ്റുകളുടെ അറ്റകുറ്റ പണികൾക്ക് ചിലവാകുന്ന തുക എന്നിവയെ അടിസ്ഥാനമാക്കിയാണ്. കേബിൾ ടിവി ഓപ്പറേറ്റർമാർക്കായി നിജപ്പെടുത്തിയ പുതുക്കിയ നിരക്കായ 300/- രൂപ, 2021ൽ എത്തിച്ചേരേണ്ട തുകയായ 410/- രൂപയെക്കാൾ തുലോം കുറവാണ്. ഗ്രാമപ്രദേശങ്ങളിലെ വാടക നിരക്ക് 2011-12 ൽ നിജപ്പെടുത്തിയപ്പോൾ

| | | | |
|---|---|---|---|
| | | | തന്നെ നഗരപ്രദേശത്തെ നിരക്കിന്റെ 50% മാത്രമേ പരിഗണിച്ചിട്ടുള്ളൂ. 2020-21-ൽ ഏർപ്പെട്ടിരുന്ന നിരക്കുമായി താരതമ്യപ്പെടുത്തുമ്പോൾ, 2021-22 ലെ പുതുക്കിയ നിരക്ക് നഗരപ്രദേശങ്ങളിൽ 27% കുറവും ഗ്രാമപ്രദേശങ്ങളിൽ 29% കുറവുമാണ്. ഇത്തരത്തിൽ ഉണ്ടായ കുറവ് കെ.എസ്.ഇ.ബി.എൽ-ന്റെ താരിഫ് ഇതര വരുമാനത്തിൽ കുറവ് വരുത്തിയിട്ടുണ്ട്. പ്രസ്തുത നിരക്ക് ഇന്റർനെറ്റ് സർവീസ് ദാതാക്കളിലേക്കും വ്യാപിപ്പിക്കുന്നത് കെ.എസ്.ഇ.ബി.എൽ-ന്റെ വരുമാനത്തിൽ ഗണ്യമായ കുറവ് വരുത്താൻ ഇടയാക്കും. കൂടാതെ തൂണുകൾ വാടകയ്ക്ക് നൽകുന്നതിൽ നിന്നുള്ള വരുമാനം ARR-ൽ താരിഫ് ഇതര വരുമാനത്തിൽ നിന്നുള്ള വരുമാനമായി ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ, നിരക്കുകളിലെ ഏത് കുറവും താരിഫ് വർദ്ധന വഴി ഉപഭോക്താക്കളിലേക്ക് കൈമാറ്റം ചെയ്യേണ്ടതായി വരും.<br><br>**3)** കൂടാതെ കേബിൾ ടിവി വാടക നിരക്കിൽ മാത്രമേ ട്രായ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളൂ. ഇന്റർനെറ്റ് സേവന നിരക്കുകളിൽ നിലവിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. കേബിൾ ടിവി ഓപ്പറേറ്റർമാരുടെ നിരക്കുകൾ ഇതിനകം ഗണ്യമായി കുറച്ചിട്ടുണ്ട്. ബിഎസ്എൻഎൽ ഉൾപ്പെടെയുള്ള ഇന്റർനെറ്റ് സേവന ദാതാക്കളുടെ പോസ്റ്റ് വാടക നിരക്കുകൾ ഇനിയും കുറയ്ക്കുന്നതിനുള്ള ഏത് തീരുമാനവും കെ.എസ്.ഇ.ബി.എൽ.-ന് വലിയ സാമ്പത്തിക പ്രതിസന്ധി സൃഷ്ടിക്കും.<br><br>എന്നാൽ വിവിധ കോണുകളിൽ നിന്നുള്ള അപേക്ഷകൾ പരിഗണിച്ച് വിവിധ ഉപയോഗങ്ങൾക്കായുള്ള പോൾ വാടക ഏകീകരിക്കുന്നതിനായി 23.07.2022 ലെ ബോർഡ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഏകീകരിച്ച പോൾ വാടക നിരക്കായ 450 രൂപ അംഗീകരിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ ശുപാർശ നൽകിയിരുന്നു. ഇതേ തുടർന്ന് കേന്ദ്ര സർക്കാരിന്റെ ടെലികോം നയത്തിനനുസൃതമായി കെ.എസ്.ഇ.ബി പോളുകൾ ഉൾപ്പെടെയുള്ള സ്ട്രീറ്റ് ഫർണിച്ചറുകൾ ഉപയോഗിക്കുന്നതിന് കേബിൾ ടി.വി ഓപ്പറേറ്റർമാർക്കും ഇന്റർനെറ്റ് സേവനദാതാക്കൾക്കും നിശ്ചയിക്കേണ്ട നിരക്കുകൾ ഇലക്ട്രോണിക്സ് ആന്റ് ഐ.ടി വകുപ്പുമായി ചർച്ച ചെയ്ത് തീരുമാനിക്കുവാൻ 10.01.2023-ൽ ചീഫ് സെക്രട്ടറി നടത്തിയ യോഗത്തിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.എൽ-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ നയത്തിനനുസൃതമായ സമീപനമാണോ എന്ന് പുനഃപരിശോധിക്കുവാൻ ഒരു കമ്മിറ്റിയെ KSEBL ൽ ചുമതലപ്പെടുത്തിയിട്ടുണ്ട്. കമ്മിറ്റിയുടെ തീരുമാനം ലഭിക്കുന്ന മുറയ്ക്ക് ഉചിത തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഇന്റർനെറ്റ് സേവനം സാർവത്രികമായി ലഭ്യമാക്കുന്നതിന് അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്, കർണാടക എന്നിവിടങ്ങളിൽ വളരെ കുറഞ്ഞ പോൾ വാടക നിശ്ചയിച്ചിട്ടുള്ളപ്പോൾ സംസ്ഥാനം ഉയർന്ന വാടക ഈടാക്കുന്നത് സാർവത്രിക ഇന്റർനെറ്റ് സേവനം എന്ന ലക്ഷ്യത്തിന് തടസ്സമല്ലേ എന്ന | (ബി) | കെ.എസ്.ഇ.ബി.-യുടെ പോസ്റ്റുകളിലൂടെ കേബിൾ ടി.വി ആവശ്യത്തിനായി കേബിൾ വലിക്കുന്നതിനുള്ള പോൾ നിരക്കുകൾ 25.02.2012 ലെ ബോർഡ് ഉത്തരവ് പ്രകാരം പോസ്റ്റൊന്നിനു ഒരു വർഷത്തേക്ക് കോർപറേഷൻ/ മുനിസിപ്പാലിറ്റി ഏരിയയിൽ 311/-രൂപയും പഞ്ചായത്തുകളിൽ 156/-രൂപയുമായിരുന്നു. ഇതിനെതിരെ ഏഷ്യാനെറ്റ്, ജില്ലാ ലീഗൽ സർവീസ് അതോറിറ്റിയെ സമീപിക്കുകയും (Lok Adalath PLP No.6639/13) തുടർന്ന് നടന്ന ഒത്തു തീർപ്പ ചർച്ചകളിന്മേൽ, കേബിൾ ടി വി ഓപ്പറേറ്റർമാരുടെ വാടക പോസ്റ്റൊന്നിനു ഒരു വർഷത്തേക്ക് കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി ഏരിയയിൽ 250/- രൂപയും പഞ്ചായത്തുകളിൽ 125/- രൂപയും (വാർഷിക വർദ്ധനവ് 5%) ആയി നിജപ്പെടുത്തുകയും ചെയ്തു. |

കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പിന്നീട് റിലയൻസ് ജിയോ കെ.എസ്.ഇ.ബി.-യുടെ പോസ്റ്റുകളിൽ കൂടി ഇന്റർനെറ്റ് സർവീസുകൾക്കായി ഒപ്റ്റിക്കൽ ഫൈബർ കേബിൾ വലിക്കുന്നതിനുള്ള അനുവാദം ചോദിക്കുകയും റിലയൻസ് കമ്പനിയുമായി കൂടിയാലോചന നടത്തി ഒരു തുകയിൽ എത്തി ച്ചേരാൻ ഗവൺമെന്റ് നിർദേശിക്കുകയും ഉണ്ടായി. തുടർന്ന് കെ.എസ്.ഇ.ബി.എൽ. ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ നേതൃത്വത്തിൽ ചർച്ചകൾ നടത്തുകയും 25.02.2012ലെ കെ.എസ്.ഇ.ബി. ഉത്തരവ് പ്രകാരം തീരുമാനിച്ച തുകയായ കോർപറേഷൻ/ മുനിസിപ്പാലിറ്റി ഏരിയയിൽ 311/-രൂപയും പഞ്ചായത്തുകളിൽ 156/- രൂപയും കണക്കാക്കുകയും, 30.01.2015ൽ ഇതു അംഗീകരിച്ചു കൊണ്ട് 5 വർഷത്തേക്ക് അഡ്വാൻസ് തുക നൽകി കൊണ്ട് പൂർണമായും താത്കാലിക അടിസ്ഥാനത്തിൽ ഒപ്റ്റിക്കൽ ഫൈബർ കേബിൾ വലിക്കുവാൻ ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ഇതോടൊപ്പം മറ്റു സംസ്ഥാനങ്ങളിൽ, കൂടിയ തുക നിലവിൽ വരുന്ന പക്ഷം പ്രസ്തുത തുക ഈടാക്കാനുള്ള അനുമതിയും ഈ ഉത്തരവിൽ നൽകിയിട്ടുണ്ട്. തുടർന്ന്, 18.07.2018 ലെ ബോർഡ് ഉത്തരവ് പ്രകാരം പത്തു വർഷത്തേക്കുള്ള തുക താഴെ പറയുന്ന രീതിയിൽ ഈടാക്കിയിട്ടുണ്ട്.

| Years | Purpose | | | |
|---|---|---|---|---|
| 10 years from 2011-12 | Cable TV Operators/ Govt. departments/ LSGDs/ CCTV cameras by Residents Association (with 5% annual Increase )* | | All other applicants irrespective of the purpose like 2G/3G/4G services/ mobile communications etc (with 5 % annual Increase) | |
| | Urban | Rural | Urban | Rural |
| | 250 | 125 | 311 | 156 |

24.01.2020-ൽ കേബിൾ ടി വി ഓപ്പറേറ്റർമാരുടെ അപേക്ഷയെ തുടർന്ന് പുതുക്കിയ നിരക്ക് എത്തിച്ചേരാൻ, ഗവൺമെന്റ് ഒരു മൂന്നംഗ കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായി. ഇതിനെ തുടർന്ന് വൈദ്യുതി പോളുകൾ ഉപയോഗിക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ച വിവധ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരമാണ് വാടക ഈടാക്കുന്നത്.

| Years | Purpose | | | |
|---|---|---|---|---|
| From 01.04.2021 | Cable TV Operators/ Govt. departments/ LSGDs/CCTV cameras by Residents Association (with 3% annual Increase)* | | All other applicants irrespective of the purpose like 2G/3G/4G services/mobile communications etc (with 5% annual Increase ) | |
| | Urban | Rural | Urban | Rural |
| 22-23 | 309 | 149.35 | 531.92 | 265.96 |

*ഈ നിരക്ക് പ്രാബല്യത്തിൽ വന്നത് 01.04.2021 മുതലാണ്. കേബിൾ ടി വി ഓപ്പറേറ്റർമാർക്കും, ഇന്റർനെറ്റ് സേവന ദാതാക്കൾക്കും വ്യത്യസ്ത നിരക്കുകൾ തീരുമാനിച്ചിരിക്കുന്നത് താഴെ പറയുന്ന കാരണങ്ങളുടെ അടിസ്ഥാനത്തിലാണ്.

**1)** വിതരണത്തിനായി സംസ്ഥാനത്തുടനീളം വൈദ്യുത സംവിധാനവും ശൃംഖലയും സൃഷ്ടിക്കുന്നതിനും,പരിപാലിക്കുന്നതിനുമായി കോടിക്കണക്കിന് രൂപ മുടക്കി കെഎസ്ഇബി വികസിപ്പിച്ചെടുത്തതാണ് കേരള സംസ്ഥാനത്തിന്റെ വൈദ്യുതി സംവിധാനം. സമതല പ്രദേശങ്ങളിൽ നിന്ന് മലയോര മേഖലകളിലേക്കും, തീരപ്രദേശങ്ങളിൽ നിന്ന് മറ്റ് പ്രദേശങ്ങളിലേക്കും വൈദ്യുതി വിതരണം ചെയ്യുന്നതിനായി പോസ്റ്റുകളും ലൈനുകളും സ്ഥാപിക്കുന്നതിൽ കെ.എസ്.ഇ.ബി.എൽ. വൻ നിക്ഷേപം നടത്തിയിട്ടുണ്ട്.

**2)** 2011ലെ അടിസ്ഥാന നിരക്കായ 311/-രൂപയിൽ എത്തിച്ചേർന്നത് പല കമ്മിറ്റികളുടെയും പഠന റിപ്പോർട്ട്, കേബിൾ ടി വി കണക്ഷൻ എടുക്കാൻ ഉപഭോക്താക്കൾ നൽകുന്ന വാടക, പോസ്റ്റുകളുടെ വില, പോസ്റ്റുകളുടെ അറ്റകുറ്റ പണികൾക്ക് ചിലവാകുന്ന തുക എന്നിവയെ അടിസ്ഥാനമാക്കിയാണ്. കേബിൾ ടിവി ഓപ്പറേറ്റർമാർക്കായി നിജപ്പെടുത്തിയ പുതുക്കിയ നിരക്കായ 300/- രൂപ, 2021ൽ എത്തിച്ചേരേണ്ട തുകയായ 410/- രൂപയെക്കാൾ തുലോം കുറവാണ്. ഗ്രാമപ്രദേശങ്ങളിലെ വാടക നിരക്ക് 2011-12 ൽ നിജപ്പെടുത്തിയപ്പോൾ തന്നെ നഗരപ്രദേശത്തെ നിരക്കിന്റെ 50% മാത്രമേ പരിഗണിച്ചിട്ടുള്ളൂ. 2020-21-ൽ ഏർപ്പെട്ടിരുന്ന നിരക്കുമായി താരതമ്യപ്പെടുത്തുമ്പോൾ, 2021-22 ലെ പുതുക്കിയ നിരക്ക് നഗരപ്രദേശങ്ങളിൽ 27% കുറവും ഗ്രാമപ്രദേശങ്ങളിൽ 29% കുറവുമാണ്. ഇത്തരത്തിൽ ഉണ്ടായ കുറവ് കെ.എസ്.ഇ.ബി.എൽ-ന്റെ താരിഫ് ഇതര വരുമാനത്തിൽ കുറവ് വരുത്തിയിട്ടുണ്ട്. പ്രസ്തുത നിരക്ക് ഇന്റർനെറ്റ് സർവീസ് ദാതാക്കളിലേക്കും വ്യാപിപ്പിക്കുന്നത് കെ.എസ്.ഇ.ബി.എൽ-ന്റെ വരുമാനത്തിൽ ഗണ്യമായ കുറവ് വരുത്താൻ ഇടയാക്കും. കൂടാതെ തൂണുകൾ വാടകയ്ക്ക് നൽകുന്നതിൽ നിന്നുള്ള വരുമാനം ARR-ൽ താരിഫ് ഇതര വരുമാനത്തിൽ നിന്നുള്ള വരുമാനമായി ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ, നിരക്കുകളിലെ ഏത് കുറവും താരിഫ് വർദ്ധന വഴി ഉപഭോക്താക്കളിലേക്ക് കൈമാറ്റം ചെയ്യേണ്ടതായി വരും.

**3)** കൂടാതെ കേബിൾ ടിവി വാടക നിരക്കിൽ മാത്രമേ ട്രായ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളൂ. ഇന്റർനെറ്റ് സേവന നിരക്കുകളിൽ നിലവിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. കേബിൾ ടിവി ഓപ്പറേറ്റർമാരുടെ നിരക്കുകൾ ഇതിനകം ഗണ്യമായി കുറച്ചിട്ടുണ്ട്. ബിഎസ്എൻഎൽ ഉൾപ്പെടെയുള്ള ഇന്റർനെറ്റ് സേവന ദാതാക്കളുടെ പോസ്റ്റ് വാടക നിരക്കുകൾ ഇനിയും കുറയ്ക്കുന്നതിനുള്ള ഏത് തീരുമാനവും കെ.എസ്.ഇ.ബി.എൽ.-ന് വലിയ സാമ്പത്തിക പ്രതിസന്ധി സൃഷ്ടിക്കും.

എന്നാൽ വിവിധ കോണുകളിൽ നിന്നുള്ള അപേക്ഷകൾ പരിഗണിച്ച് വിവിധ ഉപയോഗങ്ങൾക്കായുള്ള പോൾ വാടക ഏകീകരിക്കുന്നതിനായി 23.07.2022 ലെ ബോർഡ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഏകീകരിച്ച പോൾ വാടക നിരക്കായ 450 രൂപ അംഗീകരിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ ശുപാർശ നൽകിയിരുന്നു. ഇതേ തുടർന്ന് കേന്ദ്ര

| | | | |
|---|---|---|---|
| | | | സർക്കാരിന്റെ ടെലികോം നയത്തിനനുസൃതമായി കെ.എസ്.ഇ.ബി പോളുകൾ ഉൾപ്പെടെയുള്ള സ്ട്രീറ്റ് ഫർണിച്ചറുകൾ ഉപയോഗിക്കുന്നതിന് കേബിൾ ടി.വി ഓപ്പറേറ്റർമാർക്കും ഇന്റർനെറ്റ് സേവനദാതാക്കൾക്കും നിശ്ചയിക്കേണ്ട നിരക്കുകൾ ഇലക്ട്രോണിക്സ് ആന്റ് ഐ.ടി വകുപ്പുമായി ചർച്ച ചെയ്ത് തീരുമാനിക്കുവാൻ 10.01.2023-ൽ ചീഫ് സെക്രട്ടറി നടത്തിയ യോഗത്തിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.എൽ-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ നയത്തിനനുസൃതമായ സമീപനമാണോ എന്ന് പുനഃപരിശോധിക്കുവാൻ ഒരു കമ്മിറ്റിയെ KSEBL ൽ ചുമതലപ്പെടുത്തിയിട്ടുണ്ട്. കമ്മിറ്റിയുടെ തീരുമാനം ലഭിക്കുന്ന മുറയ്ക്ക് ഉചിത തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ